**Mathrubhumi**

**17 June 2018**

**Kerala: Heavy rain, Seven District, Damages**



# മഴ: ഏഴ് ജില്ലകളിൽ വ്യാപക നാശം

**കോഴിക്കോട്►** കനത്തമഴയിൽ സംസ്ഥാനത്തുടനീളം വ്യാപകനാശം. വടക്കൻ കേരളത്തിലെ ഏഴു ജില്ലകളിൽ കനത്ത നാശനഷ്ടമുണ്ടായി. പലയിടത്തും ദേശീയപാതകളിലും അന്തഃസംസ്ഥാന പാതകളിലും ഗതാഗതം തടസ്സപ്പെട്ടു. മണ്ണിടിച്ചിലും വ്യാപകമായി.

## മലപ്പുറം

എടവണ്ണ പടിഞ്ഞാറേ ചാത്തല്ലൂർ ആനക്കല്ല് കുട്ടാൻ മലവാരത്ത് വ്യാഴാഴ്ച പുലർച്ചെ ഉരുൾപൊട്ടി. അഞ്ചു കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചു. മറുനാടൻ തൊഴിലാളികളെയും മാറ്റി. മലവെള്ളപ്പാച്ചിലിൽ വ്യാപക കൃഷിനാശവുമുണ്ട്. കാഞ്ഞിരപ്പുഴയിൽനിന്നുള്ള വെള്ളം കയറിയതിനെത്തുടർന്ന് മതിലുമൂല കോളനിയിലെ 15 കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കാൻ നടപടി തുടങ്ങി.

കോഴിക്കോട്-നാടുകാണി-ഗൂഡല്ലൂർ (കെ.എൻ.ജി.) റോഡിൽ വെളിയംതോട്, ജനതപ്പടി എന്നിവിടങ്ങളിൽ വെള്ളം കയറി ഗതാഗതം ഭാഗികമായി തടസ്സപ്പെട്ടു. മഞ്ചേരിയിൽ റോഡിലും സമീപത്തെ കടകളിലും വെള്ളം കയറി. കൊണ്ടോട്ടി വലിയതോട് കരകവിഞ്ഞൊഴുകി ദേശീയപാത വെള്ളത്തിലായി.

ചാലിയാർ പഞ്ചായത്തിലെ ആഢ്യൻപാറ ജലവൈദ്യുതപദ്ധതി പവർഹൗസിന് പിന്നിൽ മണ്ണിടിച്ചിലിനെത്തുടർന്ന് ഉത്പാദനം നിർത്തി. ചാലിയാർ നിറഞ്ഞൊഴുകിയതോടെ വാഴക്കാട്, വാഴയൂർ പഞ്ചായത്തുകളിലെ താഴ്ന്ന ഭാഗങ്ങൾ വെള്ളക്കെട്ടിലായി.

## കണ്ണൂർ

തലശ്ശേരി-മൈസൂരു അന്തഃസംസ്ഥാന പാതയിൽ കർണാടക കുടക് ജില്ലയിലെ പെരുമ്പാടിക്കും മാക്കൂട്ടത്തിനും ഇടയിൽ ജൂലായ് 12 വരെ ഗതാഗതം നിരോധിച്ചു. കേരളത്തിൽനിന്ന് മൈസൂരുവിലേക്ക് പോകുന്ന വാഹനങ്ങൾ മാനന്തവാടി തോൽപ്പെട്ടി-കുട്ട -ഹുഡിക്കേരി-ഗോണികൊപ്പ വഴി പോകണം.

പെരുമ്പാടി മാക്കൂട്ടം റോഡിനടുത്ത് 25 സ്ഥലത്ത് മണ്ണിടിച്ചിലുണ്ടായി. നൂറിലേറെ മരങ്ങൾ പലഭാഗത്തായി വീണു. പലയിടത്തും റോഡിന്റെ അടിഭാഗം ഇളകിപ്പോയി.

ജില്ലയിൽ വളപട്ടണം, കാര്യങ്കോട് പുഴകളും ബാരാപ്പുഴയും കരകവിഞ്ഞൊഴുകി. അഞ്ച് വില്ലേജുകളിലായി 29 കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചു. പായം, അയ്യംകുന്ന് വില്ലേജിലാണ് ഏറ്റവും കൂടുതൽ നാശം. പായം വില്ലേജിൽ മാത്രം ഒന്നരക്കോടിയുടെ നഷ്ടം കണക്കാക്കുന്നു.

## കാസർകോട്

കാസർകോട് കൊന്നക്കാടിനടുത്തുള്ള കർണാടകവനത്തിൽ ഉരുൾപൊട്ടി ചൈത്രവാഹിനപ്പുഴ കരകവിഞ്ഞൊഴുകി. കർണാടക അതിർത്തിയോടുചേർന്നുള്ള മഞ്ചുച്ചാൽ, അശോകച്ചാൽ പ്രദേശങ്ങൾ ഒറ്റപ്പെട്ടു. മുപ്പതോളം കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചു. പാണത്തൂർ കമ്മാടി മാപ്പിള ഗജ്ജ എസ്റ്റേറ്റിൽ ഉരുൾപൊട്ടി റബ്ബർമരങ്ങളടക്കം ഒലിച്ചുപോയി.

## തൃശ്ശൂർ

കൊടുങ്ങല്ലൂരിൽ ഒരു വീട് പൂർണമായി തകർന്നു. പുത്തൂർ കൈനൂർ വില്ലേജിലെ ഏഴാംകല്ലിൽ രണ്ടു വീടുകൾ അപകടാവസ്ഥയിലായി. ജലനിരപ്പ് ഉയർന്നതിനെത്തുടർന്ന് പെരിങ്ങൽക്കുത്ത് അണക്കെട്ടിന്റെ എല്ലാ ഷട്ടറുകളും തുറന്നു. ശക്തമായ മഴയിലും കാറ്റിലും വ്യാപക കൃഷിനാശവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## പാലക്കാട്

മംഗലം ഡാമിനടുത്ത് കടപ്പാറയിലും തളികക്കല്ലിലുമായി ചെറിയതോതിൽ ഉരുൾപൊട്ടലുണ്ടായി. പതിനഞ്ചേക്കറിലെ കൃഷി നശിച്ചു. വരോട് അനങ്ങൻ മലയിൽ മണ്ണിടിച്ചിലുണ്ടായതിനെത്തുടർന്ന് നാട്ടുകാരോട് മാറിത്താമസിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

## കോട്ടയം

കോട്ടയം, ചങ്ങനാശ്ശേരി താലൂക്കുകളിൽ 18 ദുരിതാശ്വാസ ക്യാമ്പുകളിലായി 409 പേരെ പ്രവേശിപ്പിച്ചു. ജില്ലയിലെ താഴ്ന്നപ്രദേശങ്ങൾ വെള്ളത്തിനടയിലാണ്.

## ആലപ്പുഴ

ജില്ലയിൽ കനത്തമഴ തുടരുന്ന സാഹചര്യത്തിൽ ശിക്കാര വള്ളങ്ങളുടെ സർവീസ് നിരോധിച്ചു. പുരവഞ്ചികൾക്ക് നിയന്ത്രണം ഏർപ്പെടുത്തി. ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിൽ വെള്ളം കയറി. വൈകീട്ട് ആറുമണിയോടെ കെ.എസ്.ആർ.ടി.സി. സർവീസ് നിർത്തി. പുളിങ്കുന്ന്, മുട്ടാർ-എടത്വ, കുളങ്ങര-എടത്വ, കണ്ടങ്കരി, തായങ്കരി, എടത്വ-വീയപുരം-ഹരിപ്പാട് തുടങ്ങിയ ഭാഗങ്ങളിലേക്കും ബസ് സർവീസ് നിർത്തിവെച്ചു.

മൂന്ന് താലൂക്കുകളിലായി 27 ക്യാമ്പുകൾ തുറന്നു. 1587 കുടുംബങ്ങളിലെ 7104 പേർ ക്യാമ്പുകളിലുണ്ട്. ഏഴു വീടുകൾ പൂർണമായി തകർന്നു.